"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം - ജല അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ - അധികഫണ്ട് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.450/2026/LSGD തീയതി,തിരുവനന്തപുരം, 21-02-2026

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറിയുടെ 20.08.2025-ലെ എ1/3073/2025/ഒബിഡിഎൻ നമ്പർ കത്ത്.
2. 19.12.2025-ലെ സ.ഉ സാധാ)നമ്പർ 3004/2025/തസ്വഭവ.
3. 07.02.2026-ലെ സ.ഉ സാധാ)നമ്പർ 1184/2026/ധന.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയത്തിലെ ജീവനക്കാർക്ക് കുടിക്കാൻ യോഗ്യമായ ശുദ്ധജലസ്രോതസ്സുകൾ ഒന്നും തന്നെ ഇല്ലെന്നും, ആയതിനാൽ ഓംബുഡ്സ്മാൻ കാര്യാലയത്തിലേക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ ഇ-ടാപ്പ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും, കേരള വാട്ടർ അതോറിറ്റിയുടെ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തി 2,07,300/-രൂപയുടെ വർക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടെന്നും, ടി കാര്യാലയത്തിന് കുടിവെള്ള കണക്ഷൻ എടുക്കുന്നതുമായി ബന്ധപ്പെട്ട ചെലവുകൾ വഹിക്കുന്നതിന് ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിൽ ആവശ്യമായ തുക ഇല്ലാത്തതിനാൽ, കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി എസ്റ്റിമേറ്റിൽ നിർദേശിക്കും പ്രകാരമുള്ള 2,07,300/-രൂപ കാര്യാലയത്തിന്റെ നടപ്പ് സാമ്പത്തികവർഷത്തെ 2515-00-101-64-34-3 എന്ന ശീർഷകത്തിൽ അധികഫണ്ടായി അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കണമെന്ന് പരാമർശം കത്ത് മുഖേന ഓംബുഡ്സ്മാൻ കാര്യാലയ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) ആയതിന്റെ അടിസ്ഥാനത്തിൽ ടി ചിലവ് നടപ്പ് സാമ്പത്തികവർഷത്തെ 2515-00-101-64-34-3 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ പരാമർശം (2) പ്രകാരം ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(3) പരാമർശം (3) പ്രകാരം 2515-00-101-64-34-3 എന്ന ശീർഷകത്തിൽ 2,08,000/- രൂപ അധികഫണ്ടായി അനുവദിച്ചു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(4) മേൽ സാഹചര്യത്തിൽ ഓംബുഡ്സ്മാൻ കാര്യാലയത്തിലേക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായി 2515-00-101-64-34-3 എന്ന ശീർഷകത്തിൽ 2,08,000/- രൂപ (രണ്ടു ലക്ഷത്തി എണ്ണായിരം രൂപ മാത്രം) അധികമായി അനുവദിച്ചു ഉത്തരവാകുന്നു.

(5) നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുൻപായി Re- appropriation of savings വഴി അധിക ധനാനുമതിയായി അനുവദിച്ച ടി തുകയുടെ ക്രമീകരണത്തിനുള്ള നടപടികൾ

ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിങ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ കാര്യാലയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ഇ./എസ്.എസ്.എ /ഇ & ആർ.എസ്.എ), കേരളം,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധനവകുപ്പ് (18/02/2026-ലെ WCD-3/251/2025-ധന പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/124/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Alex G C

സെക്ഷൻ ഓഫീസർ

Date: 23-02-2026 11:20:07